# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4023** **25.06.2014**-ൽ മറുപടിക്ക്

## 'അയഡിൻ അപര്യാപ്തതാ അസുഖ നിയന്ത്രണ ദേശീയ പരിപാടി'

**ചോദ്യം**

ശ്രീ. പി.കെ.ഗുരുദാസൻ
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ. സി.കെ.സദാശിവൻ
ശ്രീ. എം. ഹംസ

**മറുപടി**

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) അയഡിൻ അപര്യാപ്തത അസുഖ നിയന്ത്രണ ദേശീയ പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ;

(എ) അയഡിൻ അപര്യാപ്തതാ നിയന്ത്രണ പരിപാടി 100% ദേശീയ പരിപാടിയാണ്. ഇന്ത്യയിലുടനീളം എല്ലാ സംസ്ഥാനങ്ങളിലും യൂണിയൻ ടെറിറ്ററികളിലും ഈ പദ്ധതി തുടങ്ങിയിട്ട് ഏകദേശം 30 വർഷമായി. അയഡിന്റെ അഭാവം കൊണ്ട് കുട്ടികളിൽ ബുദ്ധിമാന്ദ്യം, ഗോയിറ്റർ തുടങ്ങിയ ഗുരുതരമായ അസുഖങ്ങൾ ഉണ്ടാകാറുണ്ട്. ഇതു തടയുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം.

(ബി) അഞ്ചുവർഷം കൂടുമ്പോൾ അയഡിൻ ചേർന്ന ഉപ്പിന്റെ പ്രഭാവം സർവ്വെയിലൂടെ പരിശോധിക്കണമെന്ന ലക്ഷ്യം പാലിച്ചോ; സംസ്ഥാനത്ത് നടത്തിയ സർവ്വെയിലെ കണ്ടെത്തൽ വിശദമാക്കുമോ;

(ബി) ഉപ്പിൽ ആവശ്യത്തിനുള്ള അയഡിൻ അടങ്ങിയിട്ടുണ്ടോ എന്നറിയുന്നതിനായി വിവിധ ജില്ലകളിൽ നിന്നും ഉപ്പിന്റെ സാമ്പിളുകൾ ശേഖരിക്കുകയും ഐ.ഡി.സി.ലാബിൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ഓരോ വർഷവും തിരഞ്ഞെടുത്ത ജില്ലകളിൽ

| | | | |
|---|---|---|---|
| | | | സർവ്വെ നടത്താറുണ്ട്. 2012-13 2013-14 എന്നീ വർഷങ്ങളിൽ നടത്തിയ ഗോയിറ്റർ സർവ്വെകളുടെയും, ഉപ്പിന്റെ സാമ്പിളുകൾ പരിശോധിച്ചതിന്റെയും റിപ്പോർട്ടുകൾ അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു. |
| (സി) | അയഡിൻ ഉപ്പുപയോഗം ആരംഭിച്ചതിനുശേഷം അയഡിൻ അപര്യാപ്തതാ അസുഖങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചെന്ന അനൗദ്യോഗിക ഗവേഷണ ഫലങ്ങൾ പരിശോധിച്ചിരുന്നോ; നിഗമനം അറിയിക്കാമോ; | (സി) | പരിശോധിച്ചുവരുന്നു. തൈറോയിഡ് ഗ്രന്ഥിയിലുണ്ടാകുന്ന എല്ലാ അസുഖങ്ങളും അയഡിന്റെ അഭാവം മൂലമല്ല. ഹോർമോണുകളുടെ ഏറ്റക്കുറച്ചിലുകൾ കൊണ്ടും ഉണ്ടാകാം. അതിന്റെ കാരണം കണ്ടുപിടിക്കുന്നതിന് വിശദമായ പഠനം ആവശ്യമാണ്. |
| (ഡി) | ഇത് ശരിയാണെങ്കിൽ അയഡിൻ രഹിത ഉപ്പ് വില്പന നിരോധനം നീക്കുമോ? | (ഡി) | അയഡിൻ രഹിത ഉപ്പ് വില്പന നിരോധിക്കണമോ വേണ്ടയോ എന്നത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല. ഇന്ത്യയിൽ കേരളത്തിൽ മാത്രം അയഡിൻ രഹിത ഉപ്പിന് നിരോധനം ഏർപ്പെടുത്തിയിട്ടില്ല. അയഡിൻ ചേർത്ത ഉപ്പോ അയഡിൻ ചേർക്കാത്ത ഉപ്പോ ഏത് വേണമെങ്കിലും ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യം കേരളത്തിലുണ്ട്. |

**സെക്ഷൻ ഓഫീസർ**

# Annexure-I

## Goitre Re-survey 2012-13

| District | Year | Total number of students screened | 0 grade (%) | Grade I (%) | Grade II (%) |
|---|---|---|---|---|---|
| Palakkad | 2012-13 | 2634 | 2201 (83.57%) | 381 (14.46%) | 52 (1.97%) |

## Goitre Re-survey 2013-14

| Name of District | Total Number of Students Screened | Grades of Goitre | | | | | |
|---|---|---|---|---|---|---|---|
| | | Grade '0' | % | Grade 'I' | % | Grade II | % |
| Kozhikode | 2616 | 2449 | 93.6 | 160 | 6.1 | 7 | 0.3 |
| Alappuzhha | 2476 | 2449 | 98.9 | 27 | 1.1 | 0 | 0 |
| Wayanad | 2672 | 2530 | 94.69 | 121 | 4.52 | 21 | 0.79 |
| Ernakulam | 2539 | 2337 | 92 | 172 | 6.8 | 30 | 1.2 |

**Salt Analysis 2012-13**

Total No. of salt analysed - 1766
No. of confirmed i.e.>15 ppm - 1604 (91%)
No. of not confirmed i.e. <15ppm - 162 (9%)

**Salt Analysis 2013-14**

Total No. of salt analysed - 2776
No. of samples with >15 ppm - 2461 (89%)
No. of samples with 0-15ppm - 130 (3%)
No. of samples with '0' ppm - 185 (8%)

Dep:
Section Officer.